ഹദീഥ് 18

അവസാന പത്തിലേക്ക് ആവേശത്തോടെ

ആയിശ (رَضِيَ اللهُ عَنْهَا) പറയുന്നു:

"أَنَّ النبيَّ صَلَّى اللَّهُ عليه وسلَّمَ كانَ يَعْتَكِفُ العَشْرَ الأوَاخِرَ مِن رَمَضَانَ، حتَّى تَوَفَّاهُ اللَّهُ عَزَّ وَجَلَّ، ثُمَّ اعْتَكَفَ أَزْوَاجُهُ مِن بَعْدِهِ" (البخاري : 2026)

"നബി (ﷺ) മരണം വരെ റമദാനിലെ അവസാനപത്ത് ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണത്തിന് ശേഷം അവിടുത്തെ ഭാര്യമാർ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു"

എന്താണ് ഇഅ്തികാഫ് ?

അല്ലാഹുവായുള്ള ആത്മബന്ധം ദൃഢമാക്കാനും, നമസ്കാരം, ക്വുർആൻ പാരായണം, ദൈവ സ്മരണ പോലെയുള്ള ആരാധനാ കർമ്മങ്ങൾ നിർവ്വഹിക്കാനുമായി പടപ്പുകളുമായുള്ള ബന്ധം വിച്ഛേദിച്ച് നിയ്യത്തോടെ പള്ളിയിൽ ഭജനം ഇരിക്കുന്നതിനാണ് ഇഅ്തികാഫ് എന്ന് പറയുന്നത്.

* നബി (ﷺ) അവസാന പത്തിൽ ഇബാദത്തിൽ മുഴുകി
* നബി (ﷺ) ഈ 10 ദിവസങ്ങളിൽ പള്ളിയിലായിരുന്നു
* ഇത് റമദാനിൽ പ്രബലമായതും നബി(ﷺ) പതിവാക്കിയിരുന്നതായും അവസാനത്തെ പത്തിൽ കൂടുതൽ ബലവത്തായുള്ള സുന്നത്താകുന്നു
* നബി (ﷺ) യുടെ ഭാര്യമാർ ഇഅ്തികാഫ് ഇരുന്നിരുന്നു.
* പുരുഷൻമാർക്ക് മാത്രമല്ല സ്ത്രീകൾക്കും ഇഅ്തികാഫ് ഇരിക്കാവുന്നതാണ്.

ഈ ദിവസങ്ങളിലാണ് പ്രവാചകൻ (ﷺ) ഇഅ്തികാഫി

ൽ കഴിഞ്ഞിരുന്നത്

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ : "كانَ النبيُّ صَلَّى اللهُ عليه وسلَّمَ يَعْتَكِفُ في كُلِّ رَمَضَانٍ عَشَرَةَ أيَّامٍ، فَلَمَّا كانَ العَامُ الذي قُبِضَ فيه اعْتَكَفَ عِشْرِينَ يَوْمًا" (البخاري: 2044)

“നബി (ﷺ) എല്ലാ റമളാനിലും പത്തു ദിവസം ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. അദ്ദേഹം മരണപ്പെട്ട വർഷം ഇരുപത് നാൾ ഇഅ്തികാഫ് ഇരിക്കുകയുണ്ടായി"

പുരുഷന്മാർക്ക് മാത്രമല്ല ഇഅ്തികാഫ്, സ്ത്രീകളും പള്ളിയിലെത്തണം. നബി (ﷺ) യുടെ ഭാര്യമാർ പള്ളിയിൽ ഇഅ്തികാഫ് ഇരുന്നിരുന്നു. ലൈലത്തുൽ ഖദ്ർ ലഭിക്കാനായിരുന്നു ആ സമയം അവിടുന്ന് ഇഅ്തികാഫിനായി തെരഞ്ഞെടുത്തിരുന്നത്. ഏറെ പുണ്യമുള്ള ആ കർമത്തോട് മുസ്ലിംകൾ നിർവികാരപരമായ നിലപാടുകൾ സ്വീകരിക്കുന്നത് വേദനാജനകമാണ്. ജുമുഅ നിർവഹിക്കപ്പെടുന്ന ഏത് പള്ളിയിലും ഇഅതികാഫ് അനുഷ്ഠിക്കാം. പത്ത് ദിവസ മുഴുസമയം അതിനായി മാറ്റിവെക്കാൻ പ്രയാസപ്പെടുന്നവർക്ക് ദിവസങ്ങൾ ചുരുക്കിയും, രാത്രി മാത്രം കഴിയുന്നവർക്ക് അങ്ങനെയും ഒഴിവു സമയങ്ങളിൽ സാധ്യതയനുസരിച്ചും ഇത് നിർവഹിക്കാവുന്നതാണ്.

ലൈലത്തുൽ ഖദ്ർ

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : أَتَاكُمْ رَمَضَانُ شَهْرٌ مُبَارَكٌ ..... فِيهِ لَيْلَةٌ خَيْرٌ مِنْ أَلْفِ شَهْرٍ .....

“ നി ങ്ങ ൾക്കി താ അ നു ഗ്ര ഹീ ത മാ യ ഒ രു മാ സം (റമളാൻ) വന്നെത്തിയിരിക്കുന്നു. ……. അതിൽ ആ യി രം മാ സ ത്തേ ക്കാ ൾ ശ്രേ ഷ്ഠ മാ യ ഒ രു രാത്രിയുണ്ട്“ (നസാഇ – അൽബാനി: 4/129 നമ്പർ:2106)
വിശുദ്ധ ക്വുർആൻ അവതരിപ്പിച്ചിട്ടുള്ള ആ അനുഗൃഹീത രാത്രിയാണ് ലൈലത്തുൽ ഖദ്ർ.

إِنَّآ أَنزَلْنَٰهُ فِى لَيْلَةِ ٱلْقَدْرِ

“തീർച്ചയായും നാം ഇതിനെ (ഖുർആനിനെ) നിർണയത്തിന്റെ രാത്രിയിൽഅവതരിപ്പിച്ചിരിക്കുന്നു.”
(ക്വുർആൻ:97/3)
ക്വുർആൻ പരിപൂർണമായും ഒന്നാം ആകാശത്തേക്ക് ഇറക്കപ്പെട്ട ഈ രാവിനെ അനുഗ്രഹീത രാവ് എന്ന് അല്ലാഹുവും വിശേഷിപ്പിച്ചിട്ടുണ്ട്

إِنَّآ أَنزَلْنَٰهُ فِى لَيْلَةٍ مُّبَٰرَكَةٍ ۚ إِنَّا كُنَّا مُنذِرِينَ

“തീർച്ചയായും നാം അതിനെ ഒരു അനുഗൃഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും നാം മുന്നറിയിപ്പ് നൽകുന്നവനാകുന്നു.”(ക്വുർആൻ:44/3)
ഇത് അവസാന പത്തിലെ ഒറ്റയായ രാവിലാണ് എന്ന് നബി (ﷺ) പഠിപ്പിച്ചു

إِنِّي أُرِيتُ لَيْلَةَ الْقَدْرِ ثُمَّ أُنْسِيتُهَا، أَوْ نُسِّيتُهَا، فَالْتَمِسُوهَا..." فِي الْعَشْرِ الْأَوَاخِرِ فِي الْوَتْرِ...." (البخاري : 2016)

"എനിക്ക് ലൈലതുൽ ഖദ്ർ കാണിക്കപ്പെട്ടിരുന്നു, പിന്നെ എനിക്കത് മറപ്പിക്കപ്പെട്ടു, നിങ്ങൾ അവസാന പത്തിലെ ഒറ്റയിട്ട ദിനങ്ങളിൽ അതിനെ പ്രതീക്ഷിച്ചു കൊള്ളുക"

ഏത് ദിനമാണ് എന്ന് കൃത്യമായി പറയാൻ കഴിയാത്തതിനാൽ അവസാന പത്തിലെ എല്ലാ ഒറ്റയിട്ട രാവിലും പള്ളികളിൽ ഇരുന്ന് നിസ്കാരം, ക്വുർആൻ പാരായണം തുടങ്ങിയ നന്മകൾ അധികരിപ്പിക്കാൻ നാം ശ്രദ്ധിക്കണം. പള്ളിയിൽ പോകാൻ കഴിയാത്ത സ്ത്രീകളും മറ്റു രോഗികളും വീടുകളിൽ വെച്ച് ഈ രാവിനെ ജീവിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ലൈലത്തുൽ ഖദ്റിനെ പ്രതീക്ഷിക്കുന്ന രാത്രിയിൽ വർദ്ധിപ്പിക്കേണ്ട പ്രാർത്ഥന.

اللَّهُمَّ إِنَّكَ عَفُوٌّ تُحِبُّ الْعَفْوَ فَاعْفُ عَنِّي

“അല്ലാഹുവേ, നീ മാപ്പ് നൽകുന്നവനും മാപ്പ് നൽകുന്നത് ഇഷ്ടപ്പെടുന്നവനുമാണ്, എന്നോട് നീ പൊറുത്ത് മാപ്പാക്കേണമേ”

ലൈലത്തുൽ ഖദ്ർ നേടിയെടുക്കാൻ പരിശ്രമിക്കാത്തവരെ നബി (ﷺ) ആക്ഷേപിച്ചിട്ടുള്ളതായി കാണാം

عَنْ أَنَسِ بْنِ مَالِكٍ، قَالَ دَخَلَ رَمَضَانُ فَقَالَ رَسُولُ اللَّهِ صلى الله عليه وسلم " إِنَّ هَذَا الشَّهْرَ قَدْ حَضَرَكُمْ وَفِيهِ

لَيْلَةٌ خَيْرٌ مِنْ أَلْفِ شَهْرٍ مَنْ حُرِمَهَا فَقَدْ حُرِمَ الْخَيْرَ كُلَّهُ وَلاَ يُحْرَمُ خَيْرَهَا إِلاَّ مَحْرُومٌ " (ابن ماجه : 1644)

റമദാനിലേക്ക് പ്രവേശിച്ചാൽ നബി (ﷺ) പറയും :"നിശ്ചയം ഈ മാസം നിങ്ങൾക്ക് വന്നെത്തിയിരിക്കുന്നു. ആയിരം മാസത്തേക്കാൾ ഉത്തമമായ ഒരു രാത്രി അതിലുണ്ട്. അത് തടയപ്പെട്ടവൻ ഖൈറ് മുഴുവൻ തടയപ്പെട്ടിരിക്കുന്നു. ആ രാത്രിയുടെ ഖൈറ് മഹ്റൂമി നല്ലാതെ (ജീവിതമാർഗം തടയപ്പെട്ടവൻ, ദരിദ്രൻ) തടയപ്പെടുകയില്ല. (ഇബ്നുമാജ: 1644)

അവസാനത്തെ പത്തിൽ പള്ളിയിൽ ഇഅ്തികാഫിരിക്കലും പ്രാർഥനകൾ വർധിപ്പിക്കലുമാണ് പ്രവാചകമാതൃക പ്രാർഥനാ സദസ്സെന്ന പേരിട്ട് ജനങ്ങളെ പള്ളികളിൽ നിന്നും സ്ഥിരപ്പെട്ട സുന്നത്തുകളിൽ നിന്നും അകറ്റി പാടത്തും പറമ്പിലും ഒരുമിച്ചു കൂട്ടുന്ന പുത്തനാചാരത്തെ നാം സൂക്ഷിക്കണം. പുരോഹിതവർഗത്തിന്റെ കെണിയിൽ പെട്ട് വിശ്വാസികൾ നഷ്ടപ്പെടുത്തുന്നത് അളവറ്റ പുണ്യത്തിന്റെ സന്ദർഭങ്ങളാണ്. പരലോകരക്ഷ ആഗ്രഹിക്കുന്ന വിശ്വാസികൾ നിലകൊള്ളേണ്ടത് പ്രമാണങ്ങളുടെ പക്ഷത്താണ്.